വിശദമായ പരിശോധന നടത്തുന്നതിനുവേണ്ടി ജില്ലാ പോലീസ് സൂപ്രണ്ടിനോട് ഇതിന്റെ മേൽനോട്ടം വഹിക്കാൻ നിർദ്ദേശം നൽകാം. മൂന്നു ലക്ഷം രൂപ ഇപ്പോൾ കുടുംബത്തിന് ആശ്വാസമായി കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട പട്ടിക-പിന്നോക്ക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി എ. കെ. ബാലൻ ഊരു സന്ദർശന പരിപാടിയുടെ ഭാഗമായി അവിടെ ഏഴ് കോടി രൂപയുടെ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലത്തിലാണ് ഈ സംഭവം നടന്നിട്ടുള്ളത്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറും പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയും ഇക്കാര്യത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഇതിന്റെ പ്രത്യേകത കണക്കിലെടുത്തുകൊണ്ട് ഭൂമി മാഫിയയോ മറ്റേതെങ്കിലും ശക്തികളോ ഇതിന്റെ പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടോ എന്നുള്ള കാര്യങ്ങളെല്ലാം വിശദമായി പരിശോധിക്കുവാൻ നിർദ്ദേശം കൊടുക്കാം.

(6) പത്തുകുടി സമുദായത്തെ ഒ.ബി.സി.യിൽ ഉൾപ്പെടുത്താൻ നടപടി

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, പാലക്കാട് ജില്ലയിൽ പത്തുകുടി സമുദായത്തിൽപ്പെട്ടവരാണ് തരകൻ, തരകൻ-മന്നാടി, മന്നാടിയാർ, പണിക്കർ, പുത്തൂട്ടി, പാദ്യാർ, ചെട്ടി, സാധുച്ചെട്ടി, ചെട്ടിയാർ എന്നീ വിഭാഗങ്ങൾ. തമിഴ്നാട് സംസ്ഥാനത്തിലെ കാവേരി പുൺ പട്ടണത്തിൽ നിന്ന് പഴയ മദിരാശി സംസ്ഥാനത്തിലെ വള്ളുവനാട് താലൂക്കിലെ വിവിധ സ്ഥലങ്ങളിൽ കുടിയേറി താമസമാക്കിയ തമിഴ് വംശജരിൽപ്പെട്ടവരാണിവർ. ഇപ്പോഴും തമിഴ്നാട്ടിൽ വളരെ പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന ഇവർ ഐക്യകേരളം രൂപപ്പെട്ടതിനുശേഷം പിന്നോക്ക സമുദായത്തിൽപ്പെട്ടവരായി. പ്രസ്തുത സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൽപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ബാക്ക്വേർഡ് ക്ലാസ്സസിന്റെ പരിഗണനയ്ക്കായി നിരവധി നിവേദനങ്ങൾ കൊടുത്തിട്ടും യാതൊന്നും പരിഗണിച്ചില്ല. ഇതിൽ ഭൂരിപക്ഷംപേരും ചെറുകിട കർഷകർ, കർഷകത്തൊഴിലാളികൾ ചെറുകിട കച്ചവടക്കാർ, ചായക്കടക്കാർ, ചുമട്ടുതൊഴിലാളികൾ, തുടങ്ങി താഴെത്തട്ടിൽ കിടക്കുന്നവരാണ്. പത്തുകുടി സമുദായത്തിൽപ്പെട്ടവരെ ഒ.ബി.സി. യിൽ ഉൾപ്പെടുത്താനും. അതുവഴി മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, പാലക്കാട് ജില്ലയിലെ കൊല്ലംകോട് ബ്ലോക്കിൽ അധിവസിക്കുന്ന പത്തുകുടി സമുദായക്കാർ എന്ന് അവകാശപ്പെടുന്നവർ തമിഴ്നാട്ടിൽ നിന്നും കേരളത്തിലേയ്ക്ക് കുടിയേറിപ്പാർത്തവരാണ്. പ്രസ്തുത സമുദായ പേര് തമിഴ്നാട്ടിലെ എസ്.സി/എസ്.ടി., ബി.സി., മോസ്റ്റ് ബാക്ക്വേർഡ് കമ്മ്യൂണിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പത്തുകുടി സമുദായത്തെ കേരളത്തിലെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഈ സമുദായം മുമ്പ് നൽകിയിരുന്ന നിവേദനം കേരള സംസ്ഥാന പിന്നോക്ക

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗ കമ്മീഷൻ മുഖേന പരിശോധിക്കുകയും ഇവരെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന് 6-3-1995-ലെ സർക്കാർ ഉത്തരവു പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. ഇപ്പോൾ പത്തുകുടി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് പ്രസ്തുത സമുദായത്തിന്റെ സാമൂഹിക സാമുദായിക വിദ്യാഭ്യാസ പിന്നോക്കാവസ്ഥ സംബന്ധിച്ച പഠനം നടത്തേണ്ടതുണ്ട്. ഇതുസംബന്ധിച്ച് പിന്നോക്ക വിഭാഗ കമ്മീഷന്റെ ഉപദേശം തേടിയിരിക്കുകയാണ്. ഉപദേശം ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(7) വിദ്യാഭ്യാസ പദ്ധതി

ശ്രീ. കെ. പി. മോഹനൻ: സർ, നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസ പരിഷ്ക്കരണവുമായി ബന്ധപ്പെട്ടുകൊണ്ട് ഏറെ ചർച്ചകൾ നടക്കാറുണ്ട്. പക്ഷെ നമ്മുടെ വിദ്യാർത്ഥികളുമായി ചർച്ചകൾ നടത്താറില്ല. അതിന് സമ്മതിക്കാറില്ല. അതുകൊണ്ട് എന്റെ മണ്ഡലത്തിൽ ജനകീയം-പെരിങ്ങളം സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി ഒരു വിദ്യാഭ്യാസ പദ്ധതിക്ക് രൂപം നൽകി. ശ്രീ. പി. ആർ. നായർ ചെയർമാനും ശ്രീ. ഇ. ഗോപാലൻ മാസ്റ്റർ കൺവീനറുമായിട്ടുള്ള ഒരു സമിതിയാണത്. വിദ്യാർത്ഥികൾക്ക് ചോദ്യാവലികൾ നിർമ്മിച്ചുകൊടുത്തുകൊണ്ട് പ്രതികരണങ്ങൾ ക്രോഡീകരിച്ച് വിദ്യാഭ്യാസ മേലധികാരികൾ, വിദ്യാഭ്യാസ പ്രവർത്തകർ, അധ്യാപകർ എന്നിവരുമായും രക്ഷിതാക്കളുമായും ചർച്ചചെയ്ത് പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും കണ്ടെത്തുകയും വിദ്യാർത്ഥി സൗഹൃദ വിദ്യാഭ്യാസം എന്ന ഒരു പദ്ധതിക്ക് രൂപം നൽകിയാൽ ഇത് മണ്ഡലത്തിൽ നടപ്പിലാക്കുമ്പോൾ ഏറെ സാമ്പത്തിക ബാധ്യതയുണ്ടായാൽ അതിന് പൂർവ്വ വിദ്യാർത്ഥികളുടേയും മറ്റ് ജനങ്ങളുടെയും പങ്കാളിത്തവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ സാമ്പത്തിക സഹായമടക്കമുള്ള സഹകരണങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാക്കി പദ്ധതി നടപ്പിലാക്കാൻ വേണ്ട സഹായം നൽകുന്നതോടൊപ്പം, ഇത് സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങൾക്കും മാതൃകയാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ് എന്റെ സബ്മിഷൻ.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, പെരിങ്ങളം മണ്ഡലത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി രൂപകൽപ്പന ചെയ്ത് നടപ്പിലാക്കി വരുന്നതാണ് ജനകീയം-പെരിങ്ങളം സമഗ്ര വികസന പദ്ധതി. അതിന്റെ ഭാഗമായി നടക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയാണ് ഇപ്പോൾ ഇവിടെ സൂചിപ്പിക്കപ്പെട്ടത്. അതിന് മുൻകൈയെടുത്തിരിക്കുന്ന നിയമസഭാ സാമാജികനായ ശ്രീ. കെ.പി. മോഹനനെ ഞാൻ അഭിനന്ദിക്കുന്നു. ഇതിന്റെ ഭാഗമായി കുട്ടികളുടെയും, അധ്യാപകരുടെയും രക്ഷിതാക്കളുടെയും എല്ലാം അഭിപ്രായങ്ങൾ ക്രോഡീകരിച്ച് പദ്ധതി രൂപീകരിക്കാൻ ഉള്ള ശ്രമം നടന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly